# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2435:** **18/12/2012- ൽ മറുപടിക്ക്**

## ഇന്ധനവില വർദ്ധനവ്

**ചോദ്യം** **ഉത്തരം**

**ശ്രീ. പി. കെ. ഗുരുദാസൻ:**
**,, എളമരം കരീം :**
**,, ജെയിംസ് മാത്യു:**
**,, സി. കെ. സദാശിവൻ:**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഡീസൽ വിലവർദ്ധന വ്യവസായ സ്ഥാപനങ്ങളെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | (എ) | ഇന്ധന വില വർദ്ധനവ് വ്യവസായ സ്ഥാപനങ്ങളുടെ സാമ്പത്തിക നിലയെ ദോഷകരമായി ബാധിക്കുന്നുണ്ട്. ഡീസൽ വില വർദ്ധനവ് മൂലം നമ്മുടെ വ്യവസായ സ്ഥാപങ്ങളിലേക്കുള്ള അസംസ്കൃത വസ്തുക്കളുടെയും, ഉല്പന്നങ്ങളുടേയും ചരക്കുകൂലിയിൽ വർദ്ധനവ് ഉണ്ടാകും. ഇതുമൂലം അനുബന്ധ ഉല്പന്നങ്ങളുടെ വിലയിലുള്ള വർദ്ധനവാണ് ഉണ്ടാകുന്നത്. അങ്ങനെ ഉല്പന്നത്തിന്റെ വില വർദ്ധനവ് മൂലം ആഗോളതലത്തിലുള്ള സമാനമായ ഉല്പന്നങ്ങളുമായി വിലയിലുള്ള അന്തരം വർദ്ധിക്കുവാൻ ഇടയാകുകയും, വിപണനത്തിൽ ബുദ്ധിമുട്ടുണ്ടാകുവാനും ഇടയാകും. വിഷയത്തിൽ പ്രത്യേക പഠനം സർക്കാർ നടത്തിയിട്ടില്ല. |
| (ബി) | ഡീസൽ,വൈദ്യുതി നിരക്ക് വർദ്ധനവുമൂലം സംസ്ഥാനത്തെ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്പോൾ പ്രതിസന്ധി നേരിടുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | ഉദ്പാദനരംഗവുമായി ബന്ധപ്പെട്ട എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും ഇതു മൂലം കൂടുതൽ ചെലവു വരുന്നതാണ്. |
| (സി) | വൈദ്യുതി, ഡീസൽ വില വർദ്ധനയിലൂടെ ഉണ്ടായിട്ടുള്ള ചരക്കു കൂലി വർദ്ധനവും കൂടി കണക്കിലെടുത്ത് വ്യവസായ സ്ഥാപനങ്ങൾ നേരിടുന്ന തകർച്ച ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ | (സി) | പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | | |
| (ഡി) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഇതുമൂലമുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനായി ഉല്പന്നവില കൂട്ടാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ